
Mathrubhumi 03.01.18

# എള്ളിലെ പുതിയ താരം

വീണാറാണി ആർ.

▶നെൽപ്പാടങ്ങളിൽ മൂന്നാംവിളയായി കൃഷി ചെയ്യാൻ ഏറ്റവും അനുയോജ്യമായ വിളയാണ് എള്ള്. ജനുവരിയിൽ കൃഷിയിറക്കിയാൽ ഏപ്രിൽ അവസാനം കൊയ്യാം. എള്ളിലെ ഇനങ്ങളായ സൂര്യയെയും സോമയെയും തിലോത്തമയെയും പിന്തള്ളി എത്തിയ പുതിയതാരമാണ് തിലറാണി. കേരള കാർഷികസർകലാശാലയിൽ ജന്മംകൊണ്ട തിലറാണിക്ക് 80 ദിവസത്തിന്റെ മൂപ്പുമാത്രം. ഏക്കറിൽ 200 കിലോഗ്രാം വരെ എള്ളുതരുന്ന ഇത് ഉത്പാദനത്തിന്റെ കാര്യത്തിൽ മാത്രമല്ല, വരൾച്ചയെ ചെറുക്കുന്നതിലും മുന്നിലാണ്. 50 ശതമാനം എള്ളെണ്ണ തരാനും കഴിവുണ്ട്. തിങ്ങിനിറഞ്ഞ കായകളാണ് ഇതിന്റെ മുഖമുദ്ര.



മൂന്നോ നാലോ തവണ ഉഴുത് കട്ടയുടച്ച് നന്നായി ഇളക്കിമാത്രമേ എള്ളുവിത്ത് വിതയ്ക്കാവൂ. ഒരേക്കറിലേക്ക് രണ്ടുകിലോഗ്രാം വിത്തുമതി. വിത്ത് ഇരട്ടി മണലുമായി കലർത്തി ഒരേപോലെ വിതയ്ക്കണം. അവസാന ഉഴവുചാലിനൊപ്പം ഒരേക്കറിലേക്ക് രണ്ടുടൺ കാലിവളമോ കമ്പോസ്റ്റോ അടിവളമാക്കാം. കൂടാതെ, 20 കിലോഗ്രാം വീതം യൂറിയയും പൊട്ടാഷും 30 കിലോഗ്രാം രാജ്ഫോസും ആദ്യംതന്നെ നൽകണം. വിതച്ച് ഒരുമാസത്തിനുശേഷം 30 ഗ്രാം യൂറിയ ഒരുലിറ്റർ വെള്ളത്തിൽ എന്ന തോതിൽ കലർത്തി ഇലകളിൽ തളിക്കാം.

കൃഷിയിറക്കി രണ്ടാഴ്ചയുടെ ഇടവേളകളിൽ ഇടയിളക്കൽ നിർബന്ധം. ഇടയകലം വേണ്ടിവരുന്ന രീതിയിൽ കൂടുതലുള്ള തൈകൾ പിഴുതുമാറ്റണം. പത്തുദിവസത്തിലൊരിക്കൽ നനയ്ക്കണം. കായകൾ മൂത്തുതുടങ്ങുമ്പോൾ നന നിർത്താം. പൂമ്പൊടിയും തേനും ധാരാളമുള്ള ചെടിയെന്ന നിലയിൽ പ്രകൃതിയിലുള്ള മിത്രകീടങ്ങളെ ആകർഷിക്കാനുള്ള പ്രത്യേക കഴിവ് എള്ളിനുണ്ട്; ഒപ്പം നിമാവിരകളെ നശിപ്പിക്കാനും.

പച്ചക്കറിക്കൃഷിക്ക് വഴിതുറന്നിടുന്ന മൂന്നാം വിളക്കാലത്ത് എള്ളുകൂടി കൃഷി ചെയ്യുകയാണെങ്കിൽ കീടബാധ കുറയ്ക്കാൻ വേറെ വഴിതേടേണ്ടതില്ല.